**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 680 | 12.06.2013-ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

ചോദ്യം | മറുപടി

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പകർച്ച വ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; (സി) അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ ? | (ബി) & (സി)<br>1. അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്, ഹെൽത്ത് ചെക്കപ്പ് തുടങ്ങിയവ തൊഴിൽ വകുപ്പുമായി ചേർന്നു നടപ്പാക്കുന്നു.<br>2. ഇവരുടെ ജോലിസ്ഥലങ്ങളിലും താമസ സ്ഥലങ്ങളിലും ആരോഗ്യ വകുപ്പുദ്യോഗസ്ഥർ പോയി പരിശോധിക്കുകയും അനാരോഗ്യകരമായ ചുറ്റുപാട് ആണെന്നു മനസ്സിലാക്കിയാൽ അതിനു പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>3. ആവശ്യമായ ബോധവൽക്കരണം നൽകുന്നു.<br>4. രാത്രികാല രക്തപരിശോധന നടത്തി മന്തുരോഗം ഉണ്ടോ എന്നു പരിശോധിക്കുന്നു.<br>5. രക്ത പരിശോധന നടത്തി മലമ്പനി രോഗം ബാധിച്ചിട്ടുണ്ടോ എന്നു മനസ്സിലാക്കി ഉണ്ടെങ്കിൽ സമ്പൂർണ്ണ ചികിത്സ നൽകുന്നു. |

സെക്ഷൻ ഓഫീസർ